ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ ശ്രീ. നാണുമാസ്റ്റർ മൂന്ന് സ്കീമുകളെ സംബന്ധിച്ചാണ് പറഞ്ഞത്. തഴവാ പഞ്ചായത്തിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി കഴിഞ്ഞ മാസം കമ്മീഷൻ ചെയ്തു. അവിടെ 11 കിലോമീറ്ററോളം ഹൈ ഡെൻസിറ്റി പൈപ്പാണ് ഇട്ടിരിക്കുന്നത്. അതിൽകൂടി വെള്ളം വിട്ടുകഴിഞ്ഞപ്പോൾ പൈപ്പ് പൊട്ടി. ഇത് മാറേണ്ട കാര്യമുണ്ട്. അതാണ് ഒരു പ്രശ്നം. രണ്ടാമതായി മൈനാഗപ്പള്ളി സ്കീമിനെ സംബന്ധിച്ചാണ്. ശാസ്താംകോട്ട കായലിൽനിന്നും വെള്ളം പമ്പ് ചെയ്ത് കുഴലിൽക്കൂടി നേരിട്ട് വിതരണം ചെയ്യുന്നുണ്ട്. ഈ പദ്ധതിയുടെ ഒ. എച്ച്. ടാങ്കിന്റെ പണി 90 ശതമാനം പൂർത്തിയായി. ഈ മാസം അവസാനത്തോടുകൂടി ടാങ്കിൽ വെള്ളം കയറ്റി വിതരണം നടത്തും. ഇവിടെയും കുറെയധികം ഹൈ ഡെൻസിറ്റി പൈപ്പുകൾ മാറ്റിയിടേണ്ടതായിട്ടുണ്ട്. പൈപ്പിന്റെ ലഭ്യത അനുസരിച്ചേ മാറ്റാൻ കഴിയുകയുള്ളൂ. കുന്നത്തൂർ പഞ്ചായത്തിനുവേണ്ടിയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ പണി വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു. 1985-ൽ ആരംഭിച്ച ഒരു പ്രോഗ്രാമാണ്. അതിന്റെ 90 ശതമാനത്തോളം പണികളും പൂർത്തിയായിട്ടുണ്ട്. ഈ സ്കീമുകളും മുഖ്യമന്ത്രിയുടെ പതിനഞ്ചിനപരിപാടിയിൽ പെടുത്തിയിരിക്കുന്നു. അതുകൊണ്ട് മാർച്ച് മാസം അവസാനത്തോടുകൂടി കമ്മീഷൻ ചെയ്യണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുന്നത്തൂർ പദ്ധതിയെപ്പറ്റി എനിക്ക് സംശയമുണ്ട്. ഒന്നോ രണ്ടോ മാസംകൂടി അതിന്റെ പണി നീണ്ടുപോകാനുള്ള സാദ്ധ്യതയുണ്ട്. അടുത്തതായി എം.എൽ.എ. സ്കീമിനെ സംബന്ധിച്ചാണ് അദ്ദേഹം ഉദ്ദേശിച്ചത്. ഔദ്യോഗികമായി ശ്രീ. നാണുമാസ്റ്റർ എഴുതി തന്നിട്ടില്ല. ഇപ്പോൾ ഇവിടെ സബ്മിഷനായിട്ട് ഇതിന്റെ കൂട്ടത്തിൽ പറഞ്ഞതാണ്. ശാസ്താംകോട്ട ശൂരനാട് സൗത്ത് സ്കീം എം.എൽ.എ. സ്കീമിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ നിർദ്ദേശം. അത് സ്വീകരിക്കുന്നു. അതിനനുസരിച്ചുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യാം.

(40) നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ പണി പൂർത്തീകരിക്കണമെന്ന ആവശ്യം

ശ്രീ. എ. കണാരൻ: സർ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ കുടിവെള്ളത്തിന്റെ പ്രശ്നം അതീവ ഗുരുതരമാണ്. ശുദ്ധജലം കിട്ടാൻ ഇപ്പോൾ വളരെ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാനുള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചില പദ്ധതികളും ആരംഭിച്ചിട്ട് ഏഴ് കൊല്ലമായി. ഏഴുകൊല്ലം മുതൽ മൂന്നുകൊല്ലം വരെ കാലപ്പഴക്കമായ പദ്ധതികളാണ് ഇപ്പോൾ അവിടെ നിർമ്മാണത്തിലുള്ളത്. എല്ലാം ഒരു കൊല്ലവും ഒന്നര കൊല്ലവുംകൊണ്ട് കമ്മീഷൻ ചെയ്യാവുന്നവയാണ്. കുറ്റ്യാടി, തിരുവള്ളൂർ, മണിയൂർ, ആലഞ്ചേരി ഇടശ്ശേരി, ചോറോഡ്, വില്യാപ്പള്ളി, കുന്നുമ്മൽ, ചെറുവണ്ണൂർ എന്നിവ മേജർ പദ്ധതികളാണ്. ഈ പദ്ധതികളൊന്നും പൂർത്തീകരിക്കാൻവേണ്ട യാതൊരു സംവിധാനവുമില്ല. ഗുളികപ്പുഴ പദ്ധതിയെപ്പറ്റി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ക്കറിയാം. 400 മീറ്റർ പൈപ്പ്ലൈൻ ഇട്ടാൽ അത് കമ്മീഷൻ ചെയ്യാം. അതുപോലെ ചെറുവണ്ണൂർ പഞ്ചായത്തിൽ മൈലാടിക്കുന്ന് പദ്ധതിക്ക് 350 മീറ്റർ പമ്പിംഗ് ലൈൻ പൈപ്പുണ്ടെങ്കിൽ അത് കമ്മീഷൻ ചെയ്യാൻ സാധിക്കും. അടയ്ക്കേൽ പദ്ധതിക്ക് 2,60,000 രൂപ അനുവദിച്ചു. പന്ത്രണ്ടരലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ഉണ്ടാക്കിയത്. അതിന് ആ സംഖ്യ കൊടുത്തുകഴിഞ്ഞാൽ വേഗം കമ്മീഷൻ ചെയ്യാൻ സാധിക്കും, അതിന്റെ ടാങ്കിന്റെ പണി കഴിഞ്ഞിട്ടുണ്ട്, കിണറിന്റെ പണി ഭാഗീകമായിട്ട് കഴിഞ്ഞു. എത്രയും പെട്ടെന്ന് പൈപ്പും കൂടി കൊടുക്കണം. കുറ്റ്യാടി പദ്ധതി കമ്മീഷൻ ചെയ്തുകഴിഞ്ഞിട്ട് ഏഴ് കൊല്ലമായി, പക്ഷേ കറൻറ് കിട്ടിയിട്ടില്ല. അതിന്റെ ഫലമായി പദ്ധതി നടത്താൻ സാധിച്ചില്ല. ഇത് ഗുളികപ്പുഴ പദ്ധതിയോട് ചേർന്നാണ്. പൈപ്പ് മാത്രം കിട്ടിക്കഴിഞ്ഞാൽ അത് വേഗം കമ്മീഷൻ ചെയ്യാൻ സാധിക്കും. മണിക്കോത്ത് ഇടക്കയിലിൽ കിണർ തകർന്നുപോയി, ഇഷ്ടംപോലെ വെള്ളം കിട്ടുന്ന സ്ഥലമാണ്. പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ വേഗം നമുക്ക് വെള്ളം കൊടുക്കാൻ സാധിക്കുന്നതാണ്. പെരുഞ്ചേരിക്കടവ് പദ്ധതിക്ക് രണ്ടരലക്ഷം രൂപയാണ് എസ്റ്റിമേറ്റ്, മൈലാടിക്കുന്ന് പദ്ധതിക്ക് പൈപ്പ് മാത്രം കൊടുത്താൽ മതി. വേഗം പൈപ്പ് കൊടുക്കാനുള്ള ഏർപ്പാട് ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഇതിന് ശുഷ്കാന്തിയുള്ള ഉദ്യോഗസ്ഥൻമാരെ നിശ്ചയിക്കണം. വടകര മുനിസിപ്പാലിറ്റിയിൽ ശുദ്ധജല വിതരണ പദ്ധതികൾക്ക് മേൽനോട്ടം വഹിച്ച് വേഗം പണി പൂർത്തിയാക്കാൻ വേണ്ടി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിശ്ചയിക്കണമെന്നുമുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ എല്ലാ സ്കീമുകളെ സംബന്ധിച്ചും പറഞ്ഞു. ഒന്ന്, എ. ആർ. ഡബ്ല്യൂ. എസ്. എസ്. കുറ്റ്യാടി. ഓഞ്ചിയം ചോറോഡ് സമീപ പഞ്ചായത്തുകൾക്കുള്ള ഒരു സമഗ്ര ശുദ്ധജലപദ്ധതിയിൽനിന്നും എക്സ്റ്റൻഷൻ ആയിട്ടാണ് കുറ്റ്യാടി ശുദ്ധജല വിതരണ പദ്ധതി എടുത്തിരിക്കുന്നത്. ഇത് പതിനഞ്ചിന പരിപാടിയിൽപ്പെടുത്തി പണികൾ ഏകദേശം പൂർത്തിയാകാറായി. ഇപ്പോൾ അവിടെ വന്നിരിക്കുന്ന പ്രായോഗിക വൈഷമ്യമെന്നു പറയുന്നത്, കുറ്റ്യാടി പുഴയോരത്തെ പമ്പ്ഹൗസിംഗിലേക്ക് ഹൈടെൻഷൻ ഇലക്ട്രിക് കണക്ഷൻ 11-3-1996-ന് കെ. എസ്. ഇ. ബി. തരാൻ ശ്രമിച്ചു. അവിടെയുണ്ടായ സാങ്കേതിക തകരാറ് കണക്ഷൻ ലഭിക്കുന്നതിന് ഇപ്പോൾ തടസ്സമായി നിൽക്കുകയാണ്. ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറ് അവിടെ ഉണ്ടായ സാങ്കേതിക തകരാർ മാറ്റിയെങ്കിൽ മാത്രമേ ഇലക്ട്രിക് സപ്ലൈ കൊടുത്ത് ആ സ്കീം കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനുള്ള ശ്രമം നടന്നുവരികയാണ്. രണ്ട്, എ.ആർ. ഡബ്ല്യൂ.എസ്.എസ്. മേളം. വടകര ശുദ്ധജലവിതരണ ആഗ്മെൻറേഷൻ പദ്ധതിയിലൂടെ കാപ്പുമല ശുദ്ധീകരണശാലയിൽ നിന്നുമാണ് മേളം പദ്ധതിക്ക് ശുദ്ധജലം ലഭ്യമാക്കുന്നത്. കിണർ, പമ്പിംഗ് മെയിൻ. ശുദ്ധീകരണശാല മുതലായവ പണി തീർത്ത് ട്രയൽപമ്പിംഗ് നടന്നുവരുന്നു. മേളം പഞ്ചായത്തിലേക്കുള്ള സംഭരണിയുടെ പണി ആരംഭിച്ചുകഴിഞ്ഞു. ഇത് വടകര സ്കീമുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണ്. അതുകൊണ്ട് ഇതിന് ടോപ്പ് പ്രയോറിറ്റി കൊടുത്തിരിക്കുകയാണ്. മൂന്ന്, എ. ആർ. ഡബ്ല്യൂ. എസ്. എസ്. പുറമേരി. പുറമേരി പഞ്ചായത്തിലെ പദ്ധതിയുടെ ഒന്നാംഘട്ടം പ്രവർത്തനക്ഷമമാണ്

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം ഘട്ടത്തിലേക്ക് എ. ആർ. ഡബ്ല്യു. എസ്. എസ്. തിരുവള്ളൂർ, ആലഞ്ചേരി സ്കീമിൽനിന്നാണ് ജലം ലഭ്യമാക്കേണ്ടത്. ഇത് പതിനഞ്ചിന പരിപാടിയിൽപ്പെടുത്തിയിരിക്കുന്നു. പമ്പ് ഹൗസിലേക്ക് കെ. എസ്. ഇ. ബി. ലൈൻ നീട്ടുന്നതിന് പ്രവൃത്തി നടന്നു വരുന്നു. അത് കണക്ഷൻ കിട്ടുന്ന മുറയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും. നാല്, ഓഞ്ചിയം, ചോറോട്, ഏറാമല, നാദാപുരം, തൂണേരി, വില്യാപ്പള്ളി വില്ലേജുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി. പതിനഞ്ചിന പരിപാടിയിൽപ്പെടുത്തിയ ഈ പദ്ധതിക്കുവേണ്ടി കുറ്റ്യാടി പുഴയോരത്തെ പമ്പ്ഹൗസിലും ജലശുദ്ധീകരണ ശാലയിലെ പമ്പ് സെറ്റുകൾക്കും ഹൈടെൻഷൻ ഇലക്ട്രിക് കണക്ഷൻ ലഭിക്കേണ്ടതുണ്ട്. ജലസംഭരണികളുടെ പണികളെല്ലാം പൂർത്തിയായി വിവിധ പമ്പു സെറ്റുകൾ സ്ഥാപിച്ചുവരുന്നു. ജലവിതരണ ശൃംഖലയ്ക്കുള്ള പൈപ്പ് കുറച്ചുകൂടി കിട്ടാനുണ്ട്. ഹൈക്കോടതിയിൽനിന്നും ക്ലിയറൻസ് കിട്ടാത്തതുകൊണ്ട് അതിന് സപ്ലൈ ഓർഡർ കൊടുക്കാൻ കഴിഞ്ഞില്ല. മറ്റൊന്ന്, തിരുവള്ളൂർ, ആലഞ്ചേരി, കോട്ടപ്പള്ളി വില്ലേജുകൾക്കുള്ള പദ്ധതിയാണ്. ഇതും പതിനഞ്ചിന പരിപാടിയിൽപ്പെടുത്തിയിരിക്കുന്ന ഒരു സ്കീമാണ്. കിണർ, പമ്പ്ഹൗസ് ടാങ്ക് മുതലായവയുടെ പണിതീർന്നു ഇലക്ട്രിക് ലൈനുമായി ബന്ധപ്പെട്ടിരിക്കുന്ന പണികൾ പൂർത്തിയാക്കേണ്ടത് 'കെൽ' ആണ്. ആ കമ്പനി പണികൾ നടത്തിവരുന്നു. കഴിയുന്നതും വേഗം പൂർത്തിയാക്കാൻ കഴിയുമെന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. മറ്റൊന്നു മണിയൂർ, പാലയാട് വില്ലേജുകൾക്കായുള്ള പദ്ധതി. അത് തിരുവള്ളൂർ, ആലഞ്ചേരി സമഗ്ര പദ്ധതിയിൽനിന്ന് എക്സ്റ്റൻഷനായിട്ടാണ് എടുത്തിരിക്കുന്നത്. ഇതിന്റെ പമ്പ്ഹൗസ്, പമ്പിംഗ് മെയിൻ, ടാങ്ക് മുതലായവയുടെ പണികൾ പൂർത്തിയായി. പമ്പ് സെറ്റ് സ്ഥാപിച്ചുവരുന്നു. ജലവിതരണ ശൃംഖല പൈപ്പ് ലഭിക്കുന്ന മുറയ്ക്ക് പൂർത്തിയാക്കാൻ കഴിയും. മേപ്പയൂർ ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്താനുള്ളതാണ് ഒരു പദ്ധതി. ഇതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു. കുന്നുമ്മൽ ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തലാണ് മറ്റൊന്ന്. ഈ പദ്ധതിക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. കിണർ, ജലസംഭരണി മുതലായവയുടെ ടെൻഡറുകൾ 14-3-1996-ന് ക്ഷണിച്ചുകഴിഞ്ഞു. അതിന്റെ നടപടികൾ മുന്നോട്ട് നീങ്ങുന്നുണ്ട്. ചെറുവണ്ണൂർ പഞ്ചായത്തിലെ പുറക്കാമല പദ്ധതി 1992-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പണി ആരംഭിച്ചതാണ്. കിണർ, ടാങ്ക് എന്നിവ പൂർത്തിയായി. കെ. എസ്. ഇ. ബി.-യിൽ നിന്ന് കണക്ഷൻ കിട്ടുന്നതിനുള്ള താമസമാണ് വന്നിരിക്കുന്നത്. അത് കിട്ടുന്ന മുറയ്ക്ക് പണികൾ പൂർത്തിയാക്കുന്നതാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് തുടങ്ങുന്ന കാര്യം സംബന്ധിച്ച് ഇപ്പോൾ ഒന്നും പറയാൻ നിവൃത്തിയില്ല.

(41) എളങ്കുന്നപ്പുഴ-ഞാറയ്ക്കൽ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം

ശ്രീ. ഡേവിഡ് പീൻഹീറോ: സർ, വൈപ്പിൻകരയിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമായിരിക്കുകയാണ്. ലോറികളിലാണ് മാസങ്ങളായിട്ട് വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നത്. ചെറായിയിൽനിന്ന് ഫീഡർ ലൈൻ ഇല്ലത്തോഴി

LIBRARY ARCHIVES Kerala Legislative Assembly